ഉത്തരം

(എ&ബി) ബാർ കോഴ വിവാദവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിജലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്ന കേസിന്റെ പരിധിയിലുള്ളത്.

(സി) ലഭിച്ചിട്ടില്ല.

(ഡി) പ്രാഥമിക അന്വേഷണ (സത്വരാന്വേഷണം) സമയത്ത് ധനമന്ത്രി ശ്രീ. കെ. എം. മാണിയെക്കണ്ട് വിവരങ്ങൾ ആരാഞ്ഞിരുന്നു. ഇപ്പോൾ അന്വേഷണത്തിലിരിക്കുന്ന കേസ്സിൽ അയ്യുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അന്വേഷണവിധേയമാക്കുന്നതാണ്.

വിജിലൻസ് ലോകായുക്തയ്ക്ക് സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്

248 (254) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ലോകായുക്ത ആവശ്യപ്പെട്ടതനുസരിച്ച് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിയിട്ടുള്ള പരാതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(ബി) അവയിൽ ഏതെല്ലാം പരാതികളിന്മേൽ വിജിലൻസ് ലോകായുക്തയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്;

(സി) വിജിലൻസ് അന്വേഷണത്തിൽ പ്രഥമ ദൃഷ്ട്യാ ആരോപണം ശരിയാണെന്ന് തെളിഞ്ഞ കേസുകൾ ഏതെല്ലാം; അത്തരം കേസുകളിലെല്ലാം ലോകായുക്തയുടെ റിപ്പോർട്ട് നല്കുന്നതോടൊപ്പം വിജിലൻസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കേസുകളിൽ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കലത്ത് ലോകായുക്ത ആവശ്യപ്പെട്ടതനുസരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 7 പരാതിയിൽ അന്വേഷണം നടത്താൻ ഉത്തരവായി. പരാതികളുടെയും റിപ്പോർട്ട് സമർപ്പിച്ചതിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യത്തക്ക ആരോപണങ്ങൾ ഒന്നും അന്വേഷണത്തിൽ തെളിഞ്ഞിട്ടില്ലാത്തതിനാൽ വകുപ്പുതല നടപടികളാണ് ശിപാർശ ചെയ്തിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly